## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2863

18.06.2018-ൽ
മറുപടിയ്ക്ക്

# സാങ്കേതിക സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ്

*ചോദ്യം*

ശ്രീ.അനിൽ അക്കര

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) & (ബി) | തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആസ്ഥാനം സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സർവ്വെ സ്കെച്ച് സഹിതം സർവ്വകലാശാല രജിസ്ട്രാർ സമർപ്പിച്ചിരുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം സർവ്വെ ചെയ്ത് സർവ്വെ നമ്പറുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്;വിശദമാക്കാമോ; | | |
| (സി) | സർവ്വകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | ഇല്ല. ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് പുറത്തിറക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | |
| (ഡി) | സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഇല്ല. സർവ്വകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനും സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും, നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ